**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – 66-ാമത് സീനിയർ നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പ് 2017-18 - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.271/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30/01/2018

പരാമർശം:- 66-ാമത് സീനിയർ നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പ് 2017-18 സംഘാടക സമിതി ചെയർമാൻ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

വോളിബോൾ ഫെഡറേഷൻ ഓഫ് ഇൻഡ്യ 66-ാമത് സീനിയർ നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പ് കേരളത്തിന് അനുവദിക്കുകയും ആയത് കോഴിക്കോട് വെച്ച് നടത്തപ്പെടുകയാണെന്നും ആയതിന്റെ നടത്തിപ്പിനായി കോഴിക്കോട് കോർപ്പറേഷനിൽ നിന്ന് 10 ലക്ഷം രൂപയും, മറ്റ് കോർപ്പറേഷനുകളിൽ നിന്ന് 5 ലക്ഷം രൂപയും കേരളത്തിലെ മുനിസിപ്പാലിറ്റികളിൽ നിന്ന് 1 ലക്ഷം രൂപയും പഞ്ചായത്തുകളിൽ നിന്ന് 20,000/- രൂപയും നൽകാനുള്ള അനുവാദം നൽകി ഉത്തരവ് നൽകണമെന്നാണ് അഭ്യർത്ഥിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് വെച്ച് നടത്തപ്പെടുന്ന 66-ാമത് സീനിയർ നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പിന്റെ നടത്തിപ്പ് ചെലവിലേയ്ക്കായി കോഴിക്കോട് കോർപ്പറേഷനിൽ നിന്ന് 5,00,000/- (അഞ്ച് ലക്ഷം) രൂപയും മുനിസിപ്പാലിറ്റികളിൽ നിന്നും 1,00,000/- (ഒരു ലക്ഷം) രൂപയും ഗ്രാമപഞ്ചായത്തുകളിൽ നിന്നും 20,000/- (ഇരുപതിനായിരം) രൂപയും തനത് ഫണ്ടിൽ അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
ചെയർമാൻ, സംഘാടക സമിതി, 66-ാമത് സീനിയർ നാഷണൽ വോളിബോൾ ചാമ്പ്യൻഷിപ്പ്, കോഴിക്കോട്.
കേരള സ്റ്റേറ്റ് വോളിബോൾ അസോസിയേഷൻ, B N ആർക്കൈഡ്, പെരിന്തൽമണ്ണ, മലപ്പുറം,- 679322.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.